## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **T 1890** — 01-02-2018 -ൽ മറുപടിക്ക്

### ഓഖി ദുരന്ത ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഹൈബി ഈഡൻ | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | ഓഖി ചുഴലിക്കാറ്റിൽ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് അനുവദിച്ച 20 ലക്ഷം രൂപ പ്രസ്തുത ദുരന്തത്തിൽ കാണാതായവരുടെ കുടുംബങ്ങൾക്ക് കൂടി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത തുക ബാങ്കിൽ സ്ഥിര നിക്ഷേപമാക്കി, അതിന്റെ പലിശ പ്രതിമാസം നൽകുവാനാണോ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ; | ബി) | ഓഖി ചുഴലിക്കാറ്റിൽ കാണാതായ ആളുകളുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം വിതരണം ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി പുറപ്പെടുവിച്ച 21.12.2017-ലെ സ.ഉ.(സാധാ)നം. 114/2017/ ഡി.എം.ഡി ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

27397
2811

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് - ഓഖി ചുഴലിക്കാറ്റ് - കടലിൽ മരിച്ച മത്സ്യത്തൊഴിലാളികൾക്ക് /കടലിൽ കാണാതായ മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ച ധനസഹായം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ വകുപ്പ്

സ.ഉ.(സാധാ)നം.114/2017/ഡി.എം.ഡി. തിരുവനന്തപുരം, തീയതി, 21 ഡിസംബർ 2017

---

പരാമർശം:- 1. 06.12.2017-ലെ സ.ഉ(കൈ)നം.1/2017/ഡി.എം.ഡി നമ്പർ ഉത്തരവ്.
2. 12.12.2017-ലെ സ.ഉ(സാധാ)നം.90/2017/ഡി.എം.ഡി നമ്പർ ഉത്തരവ്.
3. 12.12.2017-ലെ സ.ഉ(സാധാ)നം.5314/2017/റവ നമ്പർ ഉത്തരവ്.
4. 13.12.2017-ലെ സ.ഉ(സാധാ)നം.5330/17/റവ നമ്പർ ഉത്തരവ്.
5. 15.12.2017-ലെ ചീഫ് സെക്രട്ടറിയുടെ യോഗ തീരുമാനം.
6. 21.12.2017-ലെ സ.ഉ(സാധാ)നം.113/2017/ഡി.എം.ഡി നമ്പർ ഉത്തരവ്

ഉത്തരവ്

30.11.2017-ൽ കേരള തീരത്ത് അടിച്ച ഓഖി ചുഴലിക്കൊടുങ്കാറ്റിൽ കടലിൽ മരണമടഞ്ഞ/ കാണാതായ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസ ധനസഹായം നൽകുന്നതിനായി 20 ലക്ഷം രൂപ (4 ലക്ഷം രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 16 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും) അനുവദിച്ച് ഉത്തരവായിരുന്നു.

2) പരാമർശം(5)-ലെ യോഗത്തിൽ അനുവദിച്ച ധനസഹായം മരണപ്പെട്ട/കാണാതായ ആളുകളുടെ ആശ്രിതർക്ക് വിതരണം ചെയ്യുവാൻ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(a) രണ്ടര ലക്ഷം രൂപ വീതം മാതാപിതാക്കൾക്ക്.

(b) അഞ്ചു ലക്ഷം രൂപ അവിവാഹിതരായ സഹോദരിക്ക്/സഹോദരികൾക്ക് തുല്യമായി. സഹോദരി minor ആണെങ്കിൽ അച്ഛനമ്മമാരുടെയോ/ രക്ഷകർത്താവിന്റേയോ സംയുക്ത അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

(c) പത്ത് ലക്ഷം രൂപയും, (a)യിലും (b)യിലുമായി വിതരണം ചെയ്തതിൽ മിച്ചം വരുന്ന തുകയും മരണമടഞ്ഞയാളുടെ ഭാര്യക്കും മക്കൾക്കും തുല്യമായി വീതിക്കേണ്ടതാണ്.

(d) പ്രായപൂർത്തിയാകാത്ത മക്കളുടെ വീതം കുട്ടിയുടേയും അമ്മയുടേയും (അമ്മ രക്ഷകർത്താവ് എന്ന വ്യവസ്ഥയിൽ) പേരിൽ സംയുക്ത അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. മരണമടഞ്ഞ/ കാണാതായയാളുടെ പ്രായപൂർത്തിയാവാത്ത കുട്ടി/കുട്ടികൾ ബന്ധുവായ രക്ഷകർത്താവിനൊപ്പമാണ് താമസിക്കുന്നതെങ്കിൽ തുക രക്ഷകർത്താവിന്റെയും കുട്ടി/കുട്ടികളുടെയും പേരിൽ ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. പ്രായപൂർത്തിയായ കുട്ടികളുടെ വിഹിതം 5 വർഷത്തേയ്ക്കും പ്രായപൂർത്തിയാകാത്ത കുട്ടികളുടെ വിഹിതം നിലവിലെ നിയമവ്യവസ്ഥകൾക്ക് വിധേയമായും നിക്ഷേപിക്കേണ്ടതാണ്.

(e) മരണമടഞ്ഞവർ/കാണാതായവർ അവിവാഹിതരാണെങ്കിൽ തുക അച്ഛനമ്മമാർക്കും അവിവാഹിതരായ സഹോദരിമാർക്കും, പ്രായപൂർത്തിയാവാത്ത സഹോദരങ്ങൾക്കും തുല്യമായി വീതിച്ച് നൽകേണ്ടതാണ്. അവകാശി minor ആണെങ്കിൽ പിതാവിന്റേയോ മാതാവിന്റേയോ joint account-ൽ നിക്ഷേപിക്കേണ്ടതാണ്.

4) (a) മത്സ്യബന്ധനത്തിനുപോയി തിരിച്ചെത്താത്ത മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് അർഹമായ ധനസഹായം നൽകുന്ന കാര്യത്തിൽ നിയമിച്ചിട്ടുള്ള

പരാമർശം (2) പ്രകാരമുള്ള കമ്മിറ്റി തിരിച്ചെത്താത്ത ഓരോരുത്തരുടെയും കാര്യത്തിൽ പ്രത്യേകമായി മൂന്ന് മാസത്തിനകം ശിപാർശ നൽകേണ്ടതാണ്. ഈ വിഷയത്തിൽ വിശദമായ ഉത്തരവ് പരാമർശം (6) ആയി പുറപ്പെടുവിച്ചിട്ടുണ്ട്.

(b) ധനസഹായം ലഭ്യമാക്കുന്നതുവരെ കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് പ്രതിമാസം 10,000/- (പതിനായിരം രൂപ മാത്രം) വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ട്രഷറി/ബാങ്ക് മുഖാന്തിരം ഡിസംബർ മാസം 1-ാം തിയതി മുതൽ പ്രാബല്യത്തിൽ ലഭ്യമാക്കേണ്ടതാണ്. മരിച്ചവരുടെ ആശ്രിതർക്ക് 10,000/- രൂപ വീതം, ഇതിന് മുമ്പ് നൽകിയിട്ടില്ലെങ്കിൽ ഡിസംബർ മാസം തന്നെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നു തന്നെ ലഭ്യമാക്കേണ്ടതാണ്. ഈ ഖണ്ഡിക പ്രകാരം നൽകുന്ന തുക ധനസഹായമായ 20 ലക്ഷം രൂപയിൽ നിന്ന് വെട്ടിക്കുറക്കേണ്ടതില്ല. ഇതിനായി വേണ്ട തുക റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് ലഭ്യമാക്കേണ്ടതാണ്.

(c) 4(b) ഒഴിച്ച് നൽകുന്ന ധനസഹായം ആശ്രിതരുടെ പേരിൽ 5 വർഷത്തേയ്ക്ക് ട്രഷറിയിൽ നിക്ഷേപിക്കേണ്ടതാണ്. ഈ തുകയുടെ പലിശ എല്ലാ മാസവും ഒന്നാം തീയതി അവകാശികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രഷറി ഡയറക്ടർ ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ സിസ്റ്റം (DBT) സംവിധാനത്തിലൂടെ നൽകേണ്ടതാണ്. ജില്ലാ കളക്ടർമാർ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**പി.എച്ച് കുര്യൻ**

അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ജില്ലാ കളക്ടർമാർക്കും (തുടർനടപടികൾക്കായി)
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
4. മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം - 33
5. ധനകാര്യ വകുപ്പ്
6. ട്രഷറി ഡയറക്ടർ (തുടർനടപടികൾക്കായി)
7. ഫിഷറീസ് ഡയറക്ടർ (തുടർനടപടികൾക്കായി)
8. റവന്യൂ (ഡി.ആർ.എഫ് - എ) വകുപ്പ്
9. വിവര പൊതുജന സമ്പർക്ക വകുപ്പ്
10. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

പകർപ്പ് :-

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ പി.എസിന്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
മത്സ്യബന്ധന വകുപ്പ് മന്ത്രിയുടെ പി.എസിന്
ദുരന്ത നിവാരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
ആഭ്യന്തര വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
ഫിഷറീസിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ